പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3529 20.06.2019ൽ മറുപടിയ്ക്കുണ്ടായിരുന്നത്

# മെട്രോ പദ്ധതികൾക്ക് സ്വകാര്യപങ്കാളിത്തം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോജി എം. ജോൺ | പിണറായി വിജയൻ<br>മുഖ്യമന്ത്രി. |
| (എ) മെട്രോ പദ്ധതികൾക്ക് സ്വകാര്യപങ്കാളിത്തം നിർബന്ധമാക്കിയുള്ള കേന്ദ്ര സർക്കാരിന്റെ പുതിയ മെട്രോ നയത്തോടുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ; | (എ) മെട്രോ പദ്ധതികളിൽ സ്വകാര്യ പങ്കാളിത്തം ഭാഗികമായെങ്കിലും ഉണ്ടായിരിക്കണം എന്നാണ് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മെട്രോ നയത്തിൽ നിഷ്കർഷിച്ചിട്ടുള്ളത്. ആകയാൽ ചെറിയ ചില ഘടകങ്ങൾക്ക് ആ വ്യവസ്ഥ ഉൾപ്പെടുത്തിയാണ് കൊച്ചി മെട്രോ രണ്ടാം ഘട്ടത്തിന് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയത്. |
| (ബി) കോച്ച്, സിഗ്നലിങ് സിസ്റ്റം എന്നിവയിൽ ഏതെങ്കിലുമോ, പദ്ധതിയുടെ ഒരു ഭാഗമോ സ്വകാര്യപങ്കാളിത്തത്തോടെ വേണമെന്ന കേന്ദ്ര നിലപാട് മൂലമാണോ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയിൽ മെല്ലെപോക്ക് നയം സ്വീകരിച്ചിരിക്കുന്നത്; | (ബി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളിൽ സർക്കാർ മെല്ലെപ്പോക്ക് നയം സ്വീകരിച്ചിട്ടില്ല. |
| (സി) പുതുക്കിയ കേന്ദ്രനയപ്രകാരം ഡി.എം.ആർ.സി. സമർപ്പിച്ച ഡി.പി.ആർ പഠിച്ച് ഐ.എ.എസ്സുകാരുടെ സമിതി നൽകിയ ശുപാർശകൾ എന്തൊക്കെയാണ്; | (സി) സെക്രട്ടറിതല സമിതി നൽകിയ നിരീക്ഷണങ്ങൾ താഴെ പറയുന്നു.<br><br>1. നിർദ്ദിഷ്ട ലൈറ്റ് മെട്രോ പദ്ധതി തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ പൊതു ഗതാഗത സംവിധാനങ്ങളിൽ കാതലായ മാറ്റം വരുത്തുന്നതിന് ശേഷിയുള്ളതാണ്. പ്രസ്തുത നഗരങ്ങളിലുള്ള ജനങ്ങൾക്ക് സമയബന്ധിതവും, ചെലവു ചുരുങ്ങിയതും, പരിസ്ഥിതി സൗഹാർദ്ദപരവും, സുഖപ്രദവും, സുരക്ഷിതവുമായ യാത്രയ്ക്കുള്ള അവസരം ഇതുവഴി ലഭ്യമാകുന്നതാണ്. |

ചുരുങ്ങിയത് 50 വർഷത്തേക്കെങ്കിലുമുള്ള ഗതാഗത ആവശ്യങ്ങൾ നിറവേറ്റാൻ പ്രാപ്തമായ ഒരു ഗതാഗത സംവിധാനമാണ്.

2. ആദ്യവർഷങ്ങളിൽ യാത്രക്കാരുടെ എണ്ണം പദ്ധതി റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നതിനേക്കാൾ ഗണ്യമായി കുറവായിരിക്കും എന്നാണ് സമിതിയുടെ വിലയിരുത്തൽ. രാജ്യത്തെ സമാനമായ മറ്റ് മെട്രോ പദ്ധതികൾ സംബന്ധിച്ച് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ലൈറ്റ് മെട്രോകൾ പ്രവർത്തനസജ്ജമായ ശേഷം പ്രതീക്ഷിക്കാവുന്ന വിവിധ സാഹചര്യങ്ങൾ കമ്മിറ്റി കണക്കിലെടുത്തിട്ടുണ്ട്. ലൈറ്റ് മെട്രോ പ്രവർത്തനം ആരംഭിച്ച് ആദ്യ 7-8 വർഷ കാലയളവിലായി കോഴിക്കോട് 101 കോടി രൂപയും, തിരുവനന്തപുരത്ത് 143 കോടി രൂപയും സർക്കാരിന്റെ ഭാഗത്ത് നിന്ന് അധിക ധനസഹായമായി വേണ്ടി വരുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്. രണ്ടു പദ്ധതികളും പൂർത്തിയായതിനു ശേഷം 8-9 വർഷംകൊണ്ട് നടത്തിപ്പിനാവശ്യമായ വരുമാനം കൈവരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

3. പദ്ധതി പൂർത്തിയാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ വിഹിതമായി 5 വർഷംകൊണ്ട് 2187 കോടി രൂപയാണ് (സ്ഥലമെടുപ്പ് ഉൾപ്പെടെ) ലഭ്യമാക്കേണ്ടത്.

4. പദ്ധതി വിഹിതത്തിന് പുറമേ ഏകദേശം 3783 കോടി രൂപ വായ്പയും അതിൻമേലുള്ള പലിശയും തിരിച്ചടയ്ക്കുന്നതിനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാർ വഹിക്കേണ്ടതായി വരും. വായ്പ തിരിച്ചടക്കുന്നതിനായി ഏഴ് മുതൽ പത്ത് വർഷം വരെയുള്ള മോറട്ടോറിയം ഉൾപ്പെടെ 30 വർഷത്തെ കാലയളവ് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ലൈറ്റ് മെട്രോ നടത്തിപ്പിൽ നിന്നുള്ള വരുമാനം വായ്പ തിരിച്ചടയ്ക്കുന്നതിന് പര്യാപ്തമല്ലാത്തതിനാൽ ഇത് ഏതാണ്ട് പൂർണ്ണമായും സർക്കാർ വഹിക്കേണ്ടി വരും.

5. പുതുക്കിയ പദ്ധതിരേഖ കേന്ദ്ര

സർക്കാരിന്റെ പുതിയ മെട്രോ നയപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതായാണ് കാണുന്നത്. എന്നാൽ പദ്ധതിയുടെ സാങ്കേതിക വശങ്ങളും, ഇനം തിരിച്ചുള്ള ചെലവു സംബന്ധിച്ചും കമ്മിറ്റി വിശദമായ പരിശോധന നടത്തിയിട്ടില്ല.

6. Value Capture Finance(VCF) -നായി സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളിൽ മെട്രോ പാതയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്കുള്ള നികുതിയും, ഭൂമിയുടെ രജിസ്ട്രേഷൻ നിരക്കും വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ ഉൾപ്പെടുന്നു. ഇത് തത്വത്തിൽ അംഗീകരിക്കാവുന്നതാണ്. എന്നാൽ മേൽപ്പറഞ്ഞ ശുപാർശകൾ നടപ്പിലാക്കുന്നതിന് മുൻപ് നിരക്ക് വർദ്ധനയുടെ തോത് നിശ്ചയിക്കുന്നതിനായി ബന്ധപ്പെട്ടവരുമായി കൂടിയാലോച്ച് വിശദമായ പഠനം നടത്തേണ്ടത് ആവശ്യമാണ്.

7. മെട്രോ പാതയിൽ കെട്ടിട നിർമ്മാണത്തിനായുള്ള Floor Area Ratio(FAR) 4 ആയി വർദ്ധിപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശം അംഗീകരിക്കാവുന്നതാണ്.

**(ഡി1)** പ്രസ്തുത ശുപാർശ എന്നാണ് നൽകിയത്, ഇത് ക്യാബിനറ്റ് പരിശോധിച്ചിട്ടുണ്ടോ;

**(ഇ)** പദ്ധതിയുടെ രൂപരേഖ കേന്ദ്രത്തിൽ അടിയന്തരമായി സമർപ്പിച്ച് അനുമതി വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി) & (ഇ) പുതുക്കിയ ഡി.പി.ആർ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല സമിതിയെ 2018 ഫെബ്രുവരിയിൽ സർക്കാർ ചുമതലപ്പെടുത്തി. പ്രസ്തുത സമിതി പുതുക്കിയ ഡി.പി.ആർ അവലോകനം ചെയ്യുകയും തുടർന്ന് 2018 ഒക്ടോബറിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ